പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 196</u> <u>28/06/2016 ൽ മറുപടിക്ക്</u>

<u>ചെങ്ങന്നൂർ ജില്ലാ ആശുപത്രി</u>

| <u>ചോദ്യം</u><br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | <u>ഉത്തരം</u><br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലാ ആശുപത്രികളാക്കി ഉയർത്തിയത് എന്ന് വ്യക്തമാക്കുമോ; | (എ) | ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ എന്തെല്ലാം സംവിധാനങ്ങൾ പുതിയതായി സജ്ജീകരിച്ചു എന്ന് വിശദീകരിക്കുമോ; | (ബി) | ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ പുതുതായി 51 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ രണ്ട് കെട്ടിടങ്ങളും മെഡിക്കൽ ലൈബ്രറിയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സംവിധാനങ്ങൾ ഇനിയും സജ്ജീകരിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | ഈ ആശുപത്രിയുടെ അടിസ്ഥന വികസനത്തിന് ആവശ്യമായ ഉപകരണങ്ങളിൽ ചിലത് വാർഷിക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതാണ്. Infusion Pump, Laryngoscope, Mobile Spot Light, Nerve locator, Apron തുടങ്ങിയ ഉപകരണങ്ങൾ KMSCL വഴി ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | ജനറൽ ഫിസിഷ്യൻ, സർജറി സ്പെഷ്യലിസ്ററ് വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) സർജറി കൺസൾട്ടന്റ് (സർജറി) തസ്തികയിലെ ഒഴിവുകൾ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്ന മുറയ്ക്ക് നികത്തുന്നതാണ്. ഡി.പി.സി കൂടി പ്രൊമോഷൻ നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ അസിസ്റ്റന്റ് സർജന്മാരായി ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജൂനിയർ കേഡറിൽ നിയമനം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു |
| (ഇ) | ഈ വിഭാഗങ്ങളിലുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ